# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1819* 11.02.2013 *ലെ മറുപടിക്ക്*

## പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളിലെ സ്ഥിരജീവനക്കാരുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്ത് വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിൽ പി.എസ്.സി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴിയല്ലാതെ നിയമനം നൽകി സ്ഥിരപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ ; | (എ) പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകളിലെ സാംസ്കാരിക നിലയം, നഴ്സറി സ്കൂൾ എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ 31.12.2000 ത്തിലോ അതിന് മുൻപോ നിയമിച്ചിരുന്നതും തുടർച്ചയായി ജോലി ചെയ്തു വരുന്നതുമായ 10 വർഷം പൂർത്തിയാക്കിയ 300 ലൈബ്രേറിയൻമാർ, 147 നഴ്സറി ടീച്ചർമാർ, 134 ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പേര് വിവരങ്ങൾ സ്ഥാപനം തിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) ഇവരിൽ, അടുത്തൂൺ പറ്റിപ്പിരിഞ്ഞവർക്ക് പെൻഷൻ നൽകാൻ എത്ര തുക ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ബി) ഇവരിൽ ആരും തന്നെ അടിത്തൂൺ പറ്റി പിരിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ